കഴിഞ്ഞ കൊല്ലം സമരമായിരുന്നു. അമ്പലമേട് കഴിഞ്ഞ കൊല്ലവും ഈ കൊല്ലവും സമരമായിരുന്നു. പീരുമേട് താലൂക്കിൽ രണ്ടായിരം മുതൽ രണ്ട് തോട്ടങ്ങൾ അടച്ചിട്ടിരിക്കുകയായിരുന്നു. സ്വീകരിക്കാവുന്ന എല്ലാ നടപടികളും ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നതാണ്. അടച്ചിട്ട തോട്ടമാണെങ്കിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. ഇടുക്കി ജില്ലയിലെ രണ്ട് തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. മറ്റു കാര്യങ്ങൾക്ക് ലേബർ ഡിപ്പാർട്ടുമെന്റ് ശക്തമായ നടപടി സ്വീകരിക്കും.

(8) ഫിഷറീസ് ഹാർബറിന്റെ വിപുലീകരണം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പുതിയാപ്പ ഫിഷിംഗ് ഹാർബർ ഇപ്പോൾ നേരിടുന്ന ഒരു പ്രതിസന്ധി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. 200 ബോട്ടുകൾക്കുവേണ്ടി ഉണ്ടാക്കിയ ഒരു ഫിഷിംഗ് ഹാർബർ ആണ് അവിടെയുള്ളത്. ഇപ്പോൾ 500-ലധികം ബോട്ടുകളാണ് അവിടെ പ്രവർത്തിക്കുന്നത്. അതിന്റെ വിപുലീകരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മാതൃകാപരമായ പദ്ധതി അംഗീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഭാഗീകമായാണ് അതിന് അംഗീകാരം കിട്ടിയത്. അങ്ങനെ വന്നപ്പോൾ അടിയന്തിരാവശ്യമുള്ള ഒരു പോർഷൻ വിട്ടുപോയി. അത് വാർഫിന്റെ വിപുലീകരണമാണ്. 500 ബോട്ടുകൾക്ക് വന്ന് അടുക്കാനും മത്സ്യം ഇറക്കാനും ആവശ്യമായ വാർഫ് ഇല്ലാത്തതാണ് അവിടത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് അവിടെ മത്സ്യം ഇറക്കുമ്പോൾ തൊഴിലാളികൾ തമ്മിൽ സംഘട്ടനവും വാക്കേറ്റവും ഉണ്ടാകുന്നതുകൊണ്ട് അതൊരു ക്രമസമാധാന പ്രശ്നമായി മാറുന്നു. അതുകൊണ്ട് ഗവൺമെന്റ് ശ്രദ്ധിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമതായി, ബാക്കി വച്ച ഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നതിനും 200 മീറ്റർ നീളത്തിലുള്ള ഒരു വാർഫ് എങ്കിലും അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള പ്രത്യേക അനുവാദം നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും മജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ ഇവിടെ ഉന്നയിച്ച പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം സംബന്ധിച്ച പ്രശ്നത്തിൽ 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന് സമർപ്പിച്ചിരുന്നു. ഇതിൽ പുതുതായി 75 മീറ്റർ നീളത്തിൽ വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും അതിന് എൻ.എഫ്.ഡി.ബി. ധനസഹായം അനുവദിക്കാത്തതിനാൽ നവീകരണത്തിനായി 280 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഫിഷ് ലാന്റിംഗ് ഏരിയ, പാർക്കിംഗ് ഏരിയ എന്നിവ വിപുലപ്പെടുത്തുവാനും ഡ്രെയിനേജ് സൗകര്യം,

LIBRARY ARCHIVES Kerala Legislative Assembly

ടോയ്‌ലറ്റ് സൗകര്യം എന്നിവ അഭിവൃദ്ധിപ്പെടുത്തുവാനും ഹാർബർ ബേസിനകത്ത് 25 മീറ്റർ പൊക്കത്തിലുള്ള 3 ഹൈമാസ്ക് ലൈറ്റുകൾ സ്ഥാപിക്കുവാനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരികയാണ്. ഹാർബറിൽ നിലവിലുള്ള വാർഫിന്റെ നീളം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) കുമ്പിച്ചൽ കടവിൽ പാലം

ശ്രീ. ആർ. സെൽവരാജ് : സർ, നെയ്യാർഡാമിലെ മലയോര മേഖലയുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന ഒരു പഞ്ചായത്താണ് അമ്പൂരി പഞ്ചായത്ത്. അതിലെ തൊടുമല വാർഡിൽ ഏകദേശം അഞ്ഞൂറോളം കുടുംബങ്ങൾ താമസിക്കുന്നതും രണ്ടായിരത്തോളം ഏക്കർ കൃഷി ഭൂമിയുള്ളതുമാണ്. ബഹുഭൂരിപക്ഷവും ആദിവാസികളാണ് അവിടെ ജീവിക്കുന്നത്. അവർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നതിനും ഭക്ഷ്യ വസ്തുക്കളും മറ്റ് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും കിലോമീറ്ററോളം സഞ്ചരിക്കണം. കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നതിനും വളരെ ബുദ്ധിമുട്ടാണ്. നെയ്യാർ ഡാമിലെ ജനസംഭരണിയാൽ ചുറ്റപ്പെട്ട വാർഡാണ് തൊടുമല വാർഡ്. ഇവർക്ക് ടൗണിൽ എത്തിച്ചേരുന്നതിനുള്ള ഇപ്പോഴത്തെ ഏക ആശ്രയം കടത്തുവള്ളം മാത്രമാണ്. വർഷകാലങ്ങളിൽ വള്ളം മുങ്ങി കുട്ടികളുടെ മരണം നിത്യസംഭവമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ചിട്ടുള്ളതാണ്. വർഷങ്ങളോളം പഴക്കമുള്ള നാട്ടുകാരുടെ ആവശ്യമാണ് അമ്പൂരി പഞ്ചായത്തിലെ തൊടുമല വാർഡിൽ കുമ്പിച്ചൽ കടവിൽ ഒരു പാലം പണിയുക എന്നത്. കഴിഞ്ഞ വർഷം പി.ഡബ്ല്യു.ഡി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതുമാണ്. അമ്പൂരി നിവാസികളുടെ ആവശ്യമായ കുമ്പിച്ചൽ കടവ് പാലം അടിയന്തരമായി പണി കഴിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പഞ്ചായത്തിൽ നെയ്യാർ റിസർവ്വോയറിന് കുറുകെ കുമ്പിച്ചൽ കടവിൽ ഒരു പാലം നിർമ്മിക്കുകയെന്നുള്ളത് തദ്ദേശവാസികളുടെ ചിരകാലാഭിലാഷമാണ്. പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് 14 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചെങ്കിലും നടപ്പുവർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ ബഹുമാനപ്പെട്ട ആർ. സെൽവരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ ജനങ്ങളുടെ ഏറ്റവും ന്യായമായ ഒരു ആവശ്യമാണ് ഇത്. അത് കണക്കിലെടുത്ത് ഈ വിഷയം സർക്കാർ പ്രത്യേകമായി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly